**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **3805**

**11.11.2019 ൽ**
**മറുപടിയ്ക്ക്**

**കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളിയിലെ വിവിധ കോടതികൾ അസൗകര്യ പൂർണ്ണമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നതു മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കരുനാഗപ്പള്ളിയിലെ വിവിധ കോടതികൾ പ്രവർത്തിക്കുന്ന മന്ദിരങ്ങളിലെ സ്ഥല പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിവിധ കോടതികൾ പ്രവർത്തിക്കുന്ന തിനുവേണ്ടി കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; പ്രസ്തുത കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സ്ഥലം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) കരുനാഗപ്പള്ളി താലൂക്കിൽ തഴവ വില്ലേജിൽ ബ്ലോക്ക് നം. II ൽ റിസർവ്വേ നമ്പർ 200/4 ൽപ്പെട്ട 39.50 ആർ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി ജില്ലാ ജഡ്ജി നൽകിയ അർത്ഥന പത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയാറാക്കിയിരുന്നു. എന്നാൽ ഈ സ്ഥലം ആവശ്യമില്ലെന്നും പകരം കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം. 10-ൽ റീസർവ്വേ നമ്പർ.584/4 ൽപ്പെട്ട 59.45 ആർ സ്ഥലം അനുവദിക്കണമെന്നും കാണിച്ച് 19.10.2019 -ാം തീയതി അർത്ഥന പത്രം സർക്കാരിൽ നൽകിയിട്ടുള്ളതും ആയതിൻമേൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) ജലവിഭവ വകുപ്പിന്റെ അധീനതയിൽ കരുനാഗപ്പള്ളി വില്ലേജിലുള്ള കെ.ഐ.പി. ഓഫീസ് പ്രവർത്തി-ച്ചിരുന്ന സ്ഥലം കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിൽ ഉള്ളതും ഐ.എച്ച്.ആർ.ഡി പോളിടെക്നിക് സ്ഥിതി ചെയ്യുന്നതുമായ സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ